(ബി) ആശ്രിത നിയമനത്തിനുവേണ്ടി 16-9-2000-ൽ അപേക്ഷ നൽകി കാത്തിരിക്കുന്ന കണ്ണൂർ ജില്ലയിലെ ചൊക്ളിയിൽ പട്ടണക്കണ്ടിയിൽ കുമാരി പി. കെ. രജിലയ്ക്ക് എന്നു നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനം

56 [868] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര റാങ്ക് വരെ ഉള്ളവരെ നിയമിച്ചു;

(ബി) ഈ ലിസ്റ്റിൽ നിന്നും നിയമനം തുടങ്ങിയിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

(ഡി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം വകുപ്പുകൾ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനുള്ള ഒഴിവുകൾ പി. എസ്. സി.-ക്കു നിലവിൽ റിപ്പോർട്ട് ചെയ്യാതെയുണ്ട്;

(ഇ) ഈ വകുപ്പുകളിലേക്കുള്ള ഒഴിവുകളുടെ വിവരം പി.എസ്.സി.-യെ അറിയിക്കാത്തതെന്തുകൊണ്ടാണ്;

(എഫ്) പ്രസ്തുത വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ ഒഴിവുകളിൽ താൽക്കാലിക നിയമനമോ ഡെയ്ലിവേജസുകാരുടെ നിയമനമോ കോൺട്രാക്ട് നിയമനമോ നടത്തി ഒഴിവ് ഇല്ലാതാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം നൽകുമോ;

(എച്ച്) ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളപക്ഷം അവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ;

(ഐ) ഈ പോസ്റ്റിലേക്കുള്ള നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ കാലാവധി സാധാരണഗതിയിൽ എന്നു തീരുമെന്ന് പറയാമോ?

ഉത്തരം

(എ—ഐ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly